പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.49 09.02.2016-ൽ മറുപടിയ്ക്ക്

## വൈദ്യുതി ചാർജ്ജ് കുടിശ്ശികയും വൈദ്യുതി വാങ്ങലും

ചോദ്യം

ശ്രീ.ശ്രീ.കെ.അജിത്

ശ്രീ.സി.ദിവാകരൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.കെ.രാജു

ഉത്തരം

ശ്രീ..ആര്യാടൻ മുഹമ്മദ്

ഊർജ്ജ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പൊതുമേഖലയിലെ വൻകിട വ്യവസായ സ്ഥാപനങ്ങളും എക്സ്ട്രാ ഹൈടെൻഷൻ ഉപയോക്താക്കളും വൈദ്യുതി ബോർഡിന് കുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മൊത്തം എത്ര തുക ഈ ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്.<br>കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ : 38.74 കോടി രൂപ<br>സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ : 170.79 കോടി രൂപ<br>കേരള വാട്ടർ അതോറിറ്റി : 576.45 കോടി രൂപ<br>---------------------------<br>ആകെ : 785.98 കോടി രൂപ<br>================ |
| (ബി) | ഇത്തരം വൻ കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | കുടിശ്ശിക വരുത്തിയ ഉപഭോക്താക്കൾ/ സ്ഥാപനങ്ങൾ എന്നിവയുടെ വൈദ്യുതിബന്ധം വിച്ഛേദിച്ച് റവന്യൂ റിക്കവറി നടപടികൾ നടത്തുകയും, അത്തരം നടപടിക്രമം ത്വരിതപ്പെടുത്തി കുടിശ്ശിക ഈടാക്കുകയുമാണ് ചെയ്യുന്നത്. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കേസുകളിൽ കോടതിയുടെ ഉത്തരവിന് അനുസൃതമായി മാത്രമേ കുടിശ്ശിക തുക ഈടാക്കുവാൻ സാധിക്കുകയുള്ളൂ. കുടിശ്ശിക ഈടാക്കുവാൻ, സാധാരണയായി വൈദ്യുതി ബന്ധം വിച്ഛേദിക്കുക, കുടിശ്ശിക തുക അടയ്ക്കുവാൻ തവണ വ്യവസ്ഥ അനുവദിക്കുക, ഒറ്റത്തവണ തീർപ്പാക്കൽ നടത്തുക എന്നീ നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| (സി) | വൈദ്യുതി നിരക്ക് കൂടുതലായതിനാൽ അന്യസംസ്ഥാനത്തുള്ള വൈദ്യുതി ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങാൻ വൻകിട ഉപഭോക്താക്കൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ വൈദ്യുതി വാങ്ങുന്നതിന് എത്ര വൻകിടക്കാർക്ക് അനുമതി നൽകിയിട്ടുണ്ട്; ഇതിൽ പൊതുമേഖലയിൽ എത്ര വൻകിട ഉപഭോക്താക്കൾക്ക് വൈദ്യുതി കൊണ്ടുവരുന്നതിന് ബോർഡ് എന്തെല്ലാം | (സി | വൈദ്യുതി നിരക്ക് കൂടുതലായതിനാൽ അന്യസംസ്ഥാനത്തുള്ള വൈദ്യുതി ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങാൻ വൻകിട ഉപഭോക്താക്കൾക്ക് അനുമതി നൽകിയിട്ടില്ല. എന്നാൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ കണക്ടിവിറ്റി ആൻഡ് ഇൻട്രാ സ്റ്റേറ്റ് ഓപ്പൺ ആക്സസ് റെഗുലേഷൻ 2013 പ്രകാരം ലൈനിന് ശേഷിയുണ്ടെങ്കിൽ പുറമേ നിന്നും വൈദ്യുതി വാങ്ങാവുന്നതാണ്. മേൽ റെഗുലേഷൻ |

| | | | |
|---|---|---|---|
| | സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | | പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവരുടെ അപേക്ഷയിന്മേൽ ഓപ്പൺ ആക്സസ് അനുവദിക്കുന്നുണ്ട്. ഇതിനായി വൻകിട ഉപഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷയിന്മേൽ ടി റഗുലേഷന് അനുസൃതമായി വൈദ്യുതി ബോർഡ് സമയബന്ധിതമായി അനുമതി നല്കി വരുന്നു. എസ്.എൽ.ഡി.സി-യിൽ നിന്ന് ഓപ്പൺ ആക്സസിന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള ഉപഭോക്താക്കളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | പുറത്തു നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള അനുമതി (ഓപ്പൺ അക്സസ്) നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | പുറത്തു നിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള പ്രസരണ ശൃംഖലയുടെ ശേഷിയേക്കാൾ കൂടുതൽ വൈദ്യുതി കേരളത്തിലേയ്ക്ക് കൊണ്ടുവരേണ്ടതായ സാഹചര്യം ഉണ്ടായാൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ കണക്ടിവിറ്റി ആൻഡ് ഇൻട്രാ സ്റ്റേറ്റ് ഓപ്പൺ ആക്സസ് റെഗുലേഷൻ 2013 പ്രകാരം സംസ്ഥാനത്തിനു അകത്തുനിന്നും പുറമെനിന്നും വൈദ്യുതി വാങ്ങുന്നതിനും വിൽക്കുന്നതിനും (ഡിസ്ട്രിബ്യൂഷൻ ലൈസൻസിയെ പരിഗണിച്ച ശേഷം) ഉപഭോക്താക്കൾക്ക് ഓപ്പൺ ആക്സസ് അനുമതി നൽകി വരുന്നുണ്ട്. ഇത് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നില്ല.. |

സെക്ഷൻ ഓഫീസർ

## List of Short Term Open Access Consumers registered with SLDC having valid NOC

| Sl No | Name | Address | Consumer No. with KSEBL | Voltage Level | One Time Registration No. | One Time Registration Date | Quantum of power requested (MW) | Category |
|---|---|---|---|---|---|---|---|---|
| 1 | Kerala State Electricity Board Ltd. Aee(Market Operation), KSBUD | Kerala State Electricity Board Ltd. Aee(Market Operation),KSBUD, L D Centre, H.M.T. Colony P.O., Kalamassery | KSEBL state transmission with CTU | | 0001/STOA/KSEBL | 3.9.15 | 650 | Distribution Licencee |
| 2 | Hindustan Newsprint Ltd. Newsprint Nagar, Kottayam-686616, Kerala | M/s. Hindustan Newsprint Ltd. Newsprint Nagar, Kottayam-686616, Kerala | 11/1141 | 110kV | 0006/STOA/HNLKTM | 20.07.15 | 18 | Public Ltd. |
| 3 | The KERALA MINERALS AND METALS LTD (KMML), Kollam | KMML, Sankaramangalam, Chavara, Kollam-691583 | KMML- 18/635 | 110kV | 0011/STOA/KMMLKM | 3.10.15 | 7 | Public Ltd. |
| 4 | Carborandum Universal Ltd., Koratty | M/s. Carborundum Universal Ltd. P.B.3, Koratty-680308, Thrichur Dist., Kerala | 8/854 | 110kV | 0002/STOA/CUMKRT | 20.07.15 | 6.75 | Private Company |
| 5 | Carborandum Universal Ltd., Kalamassery | M/s. Carborundum Universal Ltd. P.B.1, Kalamassery Development Plot P O, Kochi-683109, Kerala | HTB/1234 | 66kV | 0003/STOA/CUMKLK | 20.07.15 | 13.5 | Private Company |
| 6 | Premier Tyres Ltd., (Consumer No.4/438) Kalamassery | M/s Premier Tyres Ltd, (leased to Appolo Tyres Ltd.) Kalamassery NH-47, Ernakulam (Dt), Kerala-683104 | HTB4/438 | 66kV | 0004/STOA/PRMKLY | 20.07.15 | 3 | Private Company |
| 7 | ApolloTyres Ltd., Perambra | M/s Apollo Tyres Ltd, Perambra, Chalakkudy,Thissur (Dt), Kerala-680689 | 13/1306 | 66kV | 0005/STOA/APLOPR | 20.07.15 | 7.5 | Private Company |
| 8 | Indsil Electroemelts Ltd.,Palakkad | M/s. INDSIL ELECTROSMELTS, Pallathery(PO), Palakkad, Kerala-678 007. | 1/153 | 66kV | 0007/STOA/INSLPD | 20.07.15 | 10 | Private Company |
| 9 | English Indian Clay Ltd.VELI | M/s. EICL LIMITED, TC-79/4, VELI, THIRUVANANTHAPURAM-695 021, KERALA | 1345130002595 | 11kV | 0008/STOA/EICLVL | 24.7.15 | 1.5 | Private Company |
| 10 | English Indian Clay Ltd. Pothencode | M/s. EICL LIMITED, TC-79/4, VELI, THIRUVANANTHAPURAM-695 021, KERALA. | 1345230002576 | 11kV | 0009/STOA/EICLPT | 24.7.15 | 1.5 | Private Company |
| 11 | Philips Carbon Black Ltd. | M/s. Philips Carbon Black Limited, Brahmapuram P O, Karimugal,Kochi-682 303. | HTB-9/333 | 66kV | 0010/STOA/PCBLKO | 27.7.15 | 7 | Private Company(Generator) |
| 12 | PATSPIN INDIA LIMITED Palakkad | Patspin India Ltd, Pattodia Nagar,5/345, Para road, Kanjikode East P.O., Palakkad-678621. | LCN:26/7324 | 110kV | 0012/STOA/PTSNPD | 16.12.15 | 3 | Private Company |
| 13 | FCI OEN CONNECTORS LTD., Mulanthuruthy | Vettickal- Thiruvaniyoor Road, Mulanthuruthy,682314,Ernakulam | 5/526 | 11kV | 0013/STOA/OENMTY | 21.12.15 | 2 | Private Company |

സെക്ഷൻ ഓഫീസർ